(ബി) ഓരോന്നിനും എത്ര രൂപയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചിരിക്കുന്നത്;

(സി) കടൽക്ഷോഭം രൂക്ഷമായിരിക്കുന്ന കോയിപ്പാടികടപ്പുറം, ശീരിയ, ബത്തേരി ഉപ്പള, മൂടാഡി എന്നീ സ്ഥലങ്ങൾക്ക് പ്രത്യേക പരിഗണന നൽകുമോ;

(ഡി) എത്ര കിലോമീറ്റർ കടൽഭിത്തി ഇക്കൊല്ലം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു?

ഉത്തരം

(എ)&(ബി)മഞ്ചേശ്വരം മണ്ഡലത്തിൽ മഞ്ചേശ്വരത്ത് ചെയിനേജ് 3/950 മുതൽ 4/950 വരെ 1 കി.മി.നീളത്തിൽ കടൽഭിത്തിയുടെ പണി നടന്നുകൊണ്ടിരിക്കുന്നു. മൂസ്ബോഡി അദീക്ക ബീച്ചിൽ ചെയിനേജ് 8/850 മുതൽ 9/350 കി.മി.വരെ 500 മീറ്റർ നീളത്തിലും ശിരിയകടപ്പുറത്ത് ചെയിനേജ് 16/500 മുതൽ 17/000 കി.മീ. വരെ 500 മീറ്റർ നീളത്തിലും കോയിപ്പാടി കടപ്പുറത്ത് ചെയിനേജ് 21/000 മുതൽ 22/000 കി.മി.വരെ 1 കി. മീറ്റർ നീളത്തിലും കടൽഭിത്തി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. ഇവയുടെ എസ്റ്റിമേറ്റ് യഥാക്രമം 200 ലക്ഷം, 97 ലക്ഷം, 93 ലക്ഷം, 150 ലക്ഷം രൂപ വീതമാണ്

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പണികൾ ഏറ്റെടുത്ത് നടത്തുന്നതാണ്.

(ഡി) മഞ്ചേശ്വരത്ത് ചെയിനേജ് 3/950 മുതൽ 4/950 കി.മി. വരെ 1 കി.മി നീളത്തിൽ കടൽഭിത്തിയുടെ പണി ചെയ്യാൻ ഉദ്ദേശിക്കുന്നു. ഈ പണി ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു.

30 (1864) കൊല്ലം ജില്ലയിലെ ട്രീറ്റ്മെന്റ് പ്ലാന്റ്

ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ വാട്ടർ അതോറിറ്റിയ്ക്ക് എത്ര ട്രീറ്റ്മെന്റ് പ്ലാന്റുകൾ ഉണ്ട്; അവ എവിടെയെല്ലാമാണ് സ്ഥിതി ചെയ്യുന്നത്;

(ബി) പുനലൂർ സെക്ഷന്റെ കീഴിൽ എത്ര പമ്പ് ഹൗസുകൾ ഉണ്ട്;

(സി) പുനലൂർ സെക്ഷന്റെ പരിധിയിൽ എത്ര ജീവനക്കാർ ഉണ്ട്; തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(ഡി) പുനലൂർ സെക്ഷന്റെ പരിധിയിൽ എത്ര കൺസ്യൂമേഴ്സ് ഉണ്ട്;

(ഇ) പുനലൂരിൽ വാട്ടർ അതോറിറ്റിയുടെ ഒരു സബ് ഡിവിഷൻ ആരംഭിക്കണമെന്ന നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(എഫ്)എങ്കിൽ ഇവിടെ ഒരു സബ് ഡിവിഷൻ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ താഴെപ്പറയുന്ന സ്ഥലങ്ങളിൽ ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥിതിചെയ്യുന്നു.

1. ശാസ്താംകോട്ട - 2 എണ്ണം

LIBRARY ARCHIVES Kerala Legislative Assembly

2. പുനലൂർ - 1 „
3. കടയ്ക്കൽ - 1 „
4. ഇളമ്പൽ - 1 „

---

5 എണ്ണം

==========

(ബി) പുനലൂർ സെക്ഷന്റെ കീഴിൽ 17 പമ്പ് ഹൗസുകൾ നിലവിലുണ്ട്.

(സി) പുനലൂർ സെക്ഷന്റെ പരിധിയിൽ 31 ജീവനക്കാർ ഉണ്ട്. തസ്തിക തിരിച്ചുള്ള വിവരം താഴെ കൊടുത്തിരിക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ	-	1
ഓവർസിയർ	-	2
സർവ്വേയർ	-	2
എൽ.ഡി.ക്ലാർക്ക്	-	1
പ്യൂൺ	-	1
മീറ്റർ റീഡർ	-	1
ലോറി ക്ലീനർ	-	1
പമ്പ് ഓപ്പറേറ്റർ	-	18
വർക്കർ	-	4

(ഡി) 2200 കൺസ്യൂമേഴ്സ് ഉണ്ട്.

(ഇ) ഉണ്ട്.

(എഫ്) അതിനുള്ള പ്രൊപ്പോസൽ വാട്ടർ അതോറിറ്റി തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

31 (1865) ഇരമ്പകച്ചോല - വർമ്മംകോട് റോഡ് ജില്ലാ പഞ്ചായത്തിന് കൈമാറ്റം ചെയ്യുന്നതിന് നടപടി

<u>ശ്രീ. ജോസ് ബേബി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് താലൂക്കിലെ ജലസേചനവകുപ്പിന്റെ കീഴിലുള്ള ഗതാഗതയോഗ്യമല്ലാത്ത ഇരുമ്പകച്ചോല- വർമ്മംകോട് റോഡ് ജില്ലാ പഞ്ചായത്തിനു കൈമാറ്റം ചെയ്യുന്നതിനാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റോഡ് ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ എത്രയുംവേഗം കൈമാറ്റം നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

<u>ഉത്തരം</u>

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly